നം.CEIA/1655/2024 -VIG2

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം - 695033
e-mail: ce.irrgn.vig@gmail.com
Phone : 0471 2321370
തീയതി : 09-10-2024

## സർക്കുലർ

വിഷയം:- ജലസേചനം - വിജിലൻസ്- പൊതുമരാമത്ത്, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട സാങ്കേതിക നിർദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 04/09/2024 തീയതിയിലെ തിരുവനന്തപുരം, ജലസേചനവും ഭരണവും, ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഇറിഗേഷൻ വർക്സ് വിഭാഗം, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ CEIA/3305/2024(W4) നമ്പർ അനൗദ്യോഗിക കുറിപ്പ്.

പൊതുമരാമത്ത്, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് പ്രവൃത്തികളുടെ ഇ - ടെണ്ടർ നടപടികളിൽ കൃത്രിമം നടത്തി സർക്കാർ പണം തട്ടിയെടുക്കുന്നതായി ആരോപിച്ച് പരാതി ലഭ്യമായിരുന്നു. ആയതിനാൽ പ്രസ്തുത പ്രവൃത്തികളുടെ ഇ - ടെണ്ടർ നടപടികളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

- പ്രവൃത്തികളുടെ ഇ-ടെണ്ടർ, പി.ഡബ്ല്യു.ഡി മാനുവലിൽ നിർദേശിച്ചിട്ടുള്ള നിയമങ്ങളും വ്യവസ്ഥകളും നിലവിലുള്ള സർക്കാർ ഉത്തരവുകളും അനുസരിച്ച് നിയമപ്രകാരമുള്ള സാമ്പത്തികാനുമതി, ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭിച്ചതിനു ശേഷം മാത്രം പ്രൈസ് 3 - സോഫ്റ്റ് വെയറിൽ നിന്നും ടെണ്ടർ ഷെഡ്യൂൾ ജനറേറ്റ് ചെയ്ത് Standard Bidding Documents ഉപയോഗിച്ച് ഇ - ടെണ്ടർ സൈറ്റിൽ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന വിധത്തിൽ ടെണ്ടർ പബ്ലിഷ് ചെയ്യേണ്ടതാണ്.
- കേരളത്തിനകത്തും പുറത്തുമുള്ള യോഗ്യരായ ഏതൊരു വ്യക്തിക്കും ടെണ്ടർ ചെയ്ത പ്രവൃത്തിയുടെ വിശദാംശങ്ങൾ അറിയുവാനും ടെണ്ടറിൽ പങ്കെടുക്കുവാനും സാധിക്കുന്നതാണ്.
- മുൻകൂറായി പബ്ലിഷ് ചെയ്ത ദിവസം തന്നെ ടെണ്ടർ ഓപ്പൺ ചെയ്ത് Bid Opening Evaluation, Technical Bid Evaluation, Financial Bid Evaluation എന്നിവ നടത്തി അംഗീകരിക്കപ്പെട്ട Bidder കളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് മാത്രമേ പ്രവൃത്തി കൈമാറാൻ പാടുള്ളൂ.
- ടെണ്ടർ ഡോക്യുമെന്റ് തയ്യാറാക്കുന്നത് മുതൽ പ്രവൃത്തി കരാറുകാരന് കൈമാറുന്നത് വരെയുള്ള എല്ലാ ഘട്ടങ്ങളിലും ഓഫീസ് മേധാവിയുടെ നേരിട്ടുള്ള മേൽനോട്ടവും വിലയിരുത്തലും ഉണ്ടാകേണ്ടതാണ്.
- ഒന്നിലധികം തവണ ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ മാത്രമേ ബിഡ് ഓപ്പണിംഗ് സമയം ദീർഘിപ്പിച്ചു നല്കാൻ പാടുള്ളൂ. സമയം ദീർഘിപ്പിച്ചു നൽകുന്നതിനാവശ്യമായ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് Corrigendum പബ്ലിഷ് ചെയ്ത് ആവശ്യമായ സമയപരിധി ദീർഘിപ്പിച്ചു നൽകേണ്ടതാണ്.

- സിംഗിൾ ടെണ്ടർ ആണെങ്കിൽ മണിക്കൂറുകൾ മാത്രം ടെണ്ടർ ഓപ്പണിംഗ് സമയം ദീർഘിപ്പിച്ച് നൽകുന്ന പ്രവണത പാടില്ല. മറിച്ച് Corrigendum publish ചെയ്യുകയും തീയതികളിൽ മാറ്റം വരുത്തി എല്ലാ കോൺട്രാക്ടർമാർക്കും ക്വാട്ട് ചെയ്യാനുള്ള സമയവും അവസരവും നൽകേണ്ടതാണ്.
- ദീർഘിപ്പിച്ച സമയപരിധിക്കുള്ളിൽ യാതൊരു bid - ഉം ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ re-tender ചെയ്യേണ്ടതാണ്.
- Tender Excess പരമാവധി ഒഴിവാക്കിയും സൈറ്റ് കണ്ടീഷൻ പ്രകാരം കരാറുകാർ നിരക്ക് മിതപ്പെടുത്തുന്നതിന് തയ്യാറാകാത്ത പ്രവൃത്തികൾ, നിലവിലെ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി അംഗീകാരം നേടിയതിനു ശേഷം മാത്രമേ കരാറിൽ ഏർപ്പെടാൻ പാടുള്ളൂ.

Signed by Sivadasan M
Date: 09-10-2024 19:00:25
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

എല്ലാ ചീഫ് എഞ്ചിനീയർമാർ / സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ / എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ

പകർപ്പ് : എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.ടി സെൽ (ഇറിഗേഷൻ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.)